Private Circulation only

# ട്രൈബൽ ന്യൂസ്

ഏപ്രിൽ- മെയ് 2026



ഡോ. കെ മുരളീധർ സിഎസ്ഐ ക്രൈസ്റ്റ് ചർച്ച് പാസ്റ്റേഴ്സ് റവ. വി ജോൺസൺ ഗിൽബർട്ട്, റവ. റെജിൻ , ഡോ. സാം സഹായദാസ് എന്നിവരിൽ നിന്നും മെമന്റോ സ്വീകരിക്കുന്നു.






തലപ്പുഴ സഭാഹാളിന്റെ ഉദ്ഘാടനം ഡോ. തോമസ് ഡേവിഡ് നിർവ്വഹിക്കുന്നു.





ഡോ. കെ മുരളീധർ തിരുവല്ല ബിലീവേഴ്സ് മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്കും ഡോക്ടർമാർക്കും വേണ്ടി നടത്തിയ കോൺഫറൻസ്

# TRIBAL MISSION
## OFFICE BEARERS FOR THE YEAR 2025-26

| | | |
|---|---|---|
| President | : | Mr. Mathew Jacob |
| Vice President | : | Mr. T. U. Uthup |
| General Secretary | : | Dr. K. Muralidar |
| Joint Secretary | : | Dr. Subramony R. |
| Administrative Secretary | : | Mr. Baby Mathew |
| Finance Secretary | : | Mr. K. Poulose |
| Prayer Secretary | : | Mr. Saju George |
| Promotional Secretary | : | Mr. T. Raju |
| Field Secretaries | : | 1. Mr. Aby Poulose |
| | : | 2. Dr. Thomas David |
| Correspondents | : | 1. Mr. Babu Varghese |
| | : | 2 . Mr. Prasad Koshy |
| Member Care Secretary | : | Mr. K.K. Koshy |
| Exe. Committee Members | : | 1. Pr. V. C. Jacob |
| | : | 2. Pr. Mani Kuriakose |
| | : | 3. Pr. G.N. Kannan |
| | : | 4. Mr. Reji Matew (Sunday School) |
| | : | 5. Mrs. Mary Poulose (Woman's Felloship) |
| | : | 6. Mrs. Grace Koshy (Youth Fellowship) |
| | : | 7. Mr. P.M. Samuel |
| | : | 8. Mr. Deepak Renganathan - Wayanad |
| | : | 9. Mr. T.S. Thomas |
| | : | 10. Pr. Varghese Chacko |
| Tribal News | : | Pr. Jayadas - Editor |
| Associate Editors | : | Dr. K.M. Samuel |
| | : | Pr. Sabu John |
| Directors | : | Dr. George Samuel |
| | : | Mrs. Lettisha Johnson |
| | : | Dr. Sam Sahaya Dhas |
| | : | Mrs. Saramma George |
| | : | Mrs. Manorama George |
| Special Advisors | : | Dr. Pushparaj |
| | : | Rev. Sunny K. John |
| Co-Ordinators | : | Mr. Jose K. John - Bahrain |
| | : | Mr. Joji Zachariah - Muscat |
| | : | Pr. John Mathew - Kuwait |
| | : | Mrs. Rosamma Prasad - USA |
| | : | Mr. S. Dawn - Nagercoil |
| | : | Dr. Ruth James - Attapady |
| Oversears Director | : | Mr. Wesley P. Kuruvila |
| Area Secretaries | : | Mr. Jose Tharakan - Kolencherry |
| | : | Mr. D. Gnanadas - Marthandam |
| | : | Mr. Saji - Kottayam |
| | : | Pr. K.T. Manoj - Nilambur |
| | : | Mrs. Susan Philip - Pothanicad |
| | : | Dr. Shino Mathew - Kuruppampady |
| | : | Mrs. Siji Baby - Kadakkanad |
| | : | Dr. Mohan Babu - Munnar |
| | : | Mr. Shyjan Alias - Adimali |

# എഡിറ്റോറിയൽ





**റ്റി. ജയദാസ് കളരിയ്ക്കൽ 9747442935**

കർത്താവിൽ പ്രിയരെ,

യേശുക്രിസ്തുവിൻ നിസ്തുല്യനാമത്തിൽ സ്നേഹവന്ദനം

നാം തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചു. ഭരണപക്ഷവും പ്രതിപക്ഷവുമായി തെരഞ്ഞെടുപ്പ് സമയത്ത് തങ്ങളുടെ ഗുണങ്ങൾ അറിയിച്ചു നമുക്കിടയിൽ വോട്ട് അഭ്യർത്ഥന നടത്തി. നാം വോട്ടുകൾ ചെയ്തു ഈ പ്രക്രിയ തുടർന്നു കൊണ്ടിരിക്കുന്നു. നാം ആഗ്രഹിക്കുന്നതുപോലെ നല്ല നേതൃത്വമോ ഭരണസംവിധാനങ്ങളോ, നമുക്ക് ലഭിക്കുകയോ, നമ്മുടേതായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനോ കഴിയാറില്ല.

എല്ലായിപ്പോഴും അനുകരിപ്പാൻ കൊള്ളാവുന്ന അനുസരിപ്പാൻ കൊള്ളാവുന്ന ഒരു നല്ല നേതാവിനെ മാത്രമേ കണ്ടിട്ടുള്ളത് അത് കർത്താവായ യേശുക്രിസ്തു ഇവനിൽ ആശ്രയിച്ചവരാരും ലജ്ജിച്ചുപോയിട്ടില്ല. ഇനിയും ലജ്ജിച്ചുപോകയില്ല.

കർത്താവ് എന്നും നമുക്ക് നന്മ മാത്രമേ ചെയ്തിട്ടുള്ളു തിന്മ ഒന്നും ചെയ്യുകയുമില്ല ആകയാൽ നമ്മുടെ വിശ്വാസത്തിന്റെ സ്വീകാര്യത മുറുകെപിടിച്ചുകൊണ്ട് കർത്താവിനോട് നമ്മുടെ പ്രയാസങ്ങൾ, ഭാരങ്ങൾ സ്തോത്രത്തോടെ അറിയിച്ചു കൊണ്ട് ധൈര്യത്തോടെ മുന്നോട്ട് പോകാം, ദൈവം നമ്മുടെ വിഷയങ്ങൾക്ക് വ്യക്തമായ മറുപടിനൽകി നമ്മെ സഹായിക്കട്ടെ. ദൈവം നമ്മെ ഭാരമേൽപ്പിച്ച ആദിവാസിഗോത്രങ്ങളുടെ മദ്ധ്യേഉള്ള ദൈവവേല വിശ്വസതയോടെ ചെയ്യാം ഈ ഗോത്രവർഗ്ഗത്തിന്റെ രക്ഷക്കായി പ്രാർത്ഥിക്കാം. അടിമത്വത്തിന്റെ കയറുകളിൽ ബന്ധിതരായി കഴിയുന്ന ഈ ജനസമൂഹത്തിന്റെ വിടുതലിനും ആത്മരക്ഷക്കായും പ്രവർത്തിക്കാം.

കഷ്ടതയുടെ തോരാത്ത കണ്ണുനീർ കണങ്ങൾ തുടച്ചുമാറ്റി അവരെ ആശ്വസിപ്പിക്കുന്ന യേശുവിനെ അവർക്ക് കാണിച്ചു കൊടുക്കാം. മരിച്ചുപോയ വ്യക്തികളെയും ഭൂമിയിൽകാണുന്നവസ്തുക്കളെയു ആരാധിക്കുന്ന തെറ്റായരീതികളിൽ നിന്നുംമാറി സത്യദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന രീതിയിലേക്ക് അവർ കടന്നു വരട്ടെ. മതങ്ങൾ കല്പ്പിച്ച കർമ്മപരിപാടിക്കും മനുഷ്യമസ്തിഷ്കം തീർത്ത വിജ്ഞാനപരിപാടിയിൽ നിന്നും ലഭിക്കാത്ത ശ്വാശ്വതസമാധാനവും സന്തോഷവും അവരിൽ ഉണ്ടാകേണ്ടതിന് ശക്തമായ പ്രാർത്ഥനയും ഇതരസഹായങ്ങളും ആവശ്യമാണ്. കാലങ്ങൾ എന്നെ പിന്നിട്ടു കർത്താവിൻ വരവ് സമീപമായിരിന്നു. പ്രവർത്തിപ്പാൻ കഴിയണം അൽപസമയം ശക്തമായി പ്രവർത്തിക്കാം. അലസത വെടിഞ്ഞ് ആത്മാർത്ഥമായി കർത്താവിന്റെ വേല ചെയ്യാം ആത്മാക്കളെ നേടാം. ദൈവം അനുഗ്രഹിക്കട്ടെ.

വെളിപ്പാട് : 22 12 ഇതാ ഞാൻ വേഗം വരുന്നു ഓരോരുത്തനും അവനവന്റെ പ്രവർത്തിക്ക് തക്കവണ്ണംകൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട് എന്ന വാചകം പറയുന്നു.

കർത്താവിന്റെ കൃപനാമെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ

# രക്ഷിക്കപ്പെട്ടവർ

## (നല്ല പ്രവൃത്തികളാൽ അല്ല, നല്ല പ്രവൃത്തികൾക്കായി!)

**ഡോ. കെ. മുരളീധർ M.D. MNAMS**



തന്റെ നല്ല പ്രവൃത്തികളാൽ രക്ഷ നേടാമെന്ന ഒരുവന്റെ വിശ്വാസം ഒരു തെറ്റായ ഉപദേശമാണെന്ന് എഫെസ്യർക്കുള്ള തന്റെ ലേഖനത്തിൽ പൗലോസ് ശക്തമായി പറയുന്നു. ആ തെറ്റായ ധാരണയെ തകർക്കാൻ താൻ തന്റെ മുഴുവൻ ശക്തിയും വിനിയോഗിക്കുമ്പോൾ, ആദ്യം ദൈവത്തിന്റെ പ്രവൃത്തിയായ രക്ഷയാണ് ആരംഭിക്കേണ്ടത്, അതിനു ശേഷമാണ് നമ്മുടെ പ്രവൃത്തികളെക്കുറിച്ച് ചിന്തിക്കേണ്ടത് എന്നും താൻ വ്യക്തമാക്കുന്നു. നല്ല പ്രവൃത്തികൾ രക്ഷയുടെ ഫലമാണ്, കാരണം അല്ല.

'നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു.' എഫെസ്യർ 2:10

ഈ ശക്തമായ വാക്യത്തിൽ നിരവധി സത്യങ്ങൾ അടങ്ങിയിരിക്കുന്നു. വിശകലനാത്മകമായി പഠിച്ചാൽ ആത്മീയമായ പല അറിവുകളും ലഭിക്കും. ഒരു ചെറിയ പഠനത്തിനായി, ഞാൻ ഈ വാക്യം അഞ്ചു ഭാഗങ്ങളായി വിഭജിക്കുന്നു:

1. നാം യേശുവിൽ സൃഷ്ടിക്കപ്പെട്ടവർ
2. നാം ദൈവത്തിന്റെ കൈപ്പണി
3. നാം നല്ല പ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ടവർ
4. ദൈവം മുമ്പേ നിയോഗിച്ച നല്ല പ്രവൃത്തികൾ ചെയ്യേണ്ടവർ
5. ദൈവം നിയോഗിച്ച വഴികളിൽ നടക്കേണ്ടവർ

**1. നാം യേശുവിൽ സൃഷ്ടിക്കപ്പെട്ടവർ**

ക്രിസ്ത്യാനികളിൽ പലരും രക്ഷ ദൈവത്തിന്റെ ദാനമാണെന്ന് സമ്മതിക്കുന്നുവെങ്കിലും, അത് അവരുടെ വിശ്വാസത്തിന്റെ ഫലമായി ലഭിക്കുന്ന ഒരു അധിക സമ്മാനമാണെന്ന് കരുതുന്നു. എന്നാൽ പൗലോസ് രക്ഷിക്കപ്പെടാത്തവരുടെ അവസ്ഥയെപ്പറ്റി പറയുന്നത്, 'അവർ അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവർ എന്നാണ്. (എഫെ.2:1). മരിച്ചവന് ഒരു സമ്മാനം സ്വീകരിക്കാനാകുമോ? സ്വീകരിച്ചാൽ തന്നെ എന്തു ഫലം? മരിച്ചവന് വേണ്ടത് ജീവൻ തന്നെയാണ്! രക്ഷ എന്നത് യേശു തന്റെ ജീവൻ മരിച്ചവനിൽ പകരുകയും അവനെ ഉയിർപ്പി ക്കുകയും ചെയ്യുന്നതാണ്. യോഹന്നാൻ 10:10–ൽ യേശു പറയുന്നു: "ഞാൻ വന്നത് അവർക്ക് ജീവൻ ഉണ്ടാകേണ്ടതിന്നും അതു സമൃദ്ധിയായി ഉണ്ടാകേണ്ടതിന്നും." ആ മഹത്തായ ഉപദേശം ഒരു മനുഷ്യൻ യേശുക്രിസ്തുവിലേക്ക് തിരിയുമ്പോൾ സംഭവിക്കുന്നതു വിവരിക്കുന്നു; ക്രിസ്തുവിന്റെ സ്വന്തം ജീവന്റെ ഒരു കണിക അവനിൽ ഒഴുകിച്ചേരുന്നു. ഇതാണ് രക്ഷയുടെ യഥാർത്ഥ സാരം.

രക്ഷ എന്നത് നമുക്കു ലഭിക്കുന്ന ഒന്നല്ല; അത് നമ്മിൽ സംഭവിക്കുന്ന ഒന്നാണ്. അത് നമ്മുടെ സ്വഭാവത്തിൽ നടക്കുന്ന ആഴത്തിലുള്ള, അടിസ്ഥാനപരമായ, ജീവകാരുണ്യമായ മാറ്റമാണ് മരിച്ചവനെ ഉയിർപ്പിക്കുന്നതുപോലെ. (2 പത്രോസ് 1:4) 'രക്ഷയിൽ, ക്രിസ്തുവുമായുള്ള ഐക്യത്തിലൂടെ നാം പുതിയ സൃഷ്ടികളാകുമ്പോൾ, മഹാനായ പ്രവർത്തകന്റെ അടയാളങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കേണ്ടതാണ്. 'നല്ല പ്രവൃത്തികൾ' നടക്കുന്നതിന് മുമ്പ് പുതിയ സൃഷ്ടി സംഭവിക്കണം എന്ന് പൗലോസ് സൂചിപ്പിക്കുന്നു. ആദ്യം നല്ലവനാകുക, പിന്നെ നല്ലതു ചെയ്യുക ഇതാണ് ക്രമം.

**2. നാം ദൈവത്തിന്റെ കൈപ്പണി.**

ക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവർ ദൈവത്തിന്റെ കൈപ്പണിയാണ്. സങ്കീർത്തനകാരൻ പറയുന്നു: "ഞാൻ ഭയങ്കരവും അത്ഭുതകരവുമായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്'' (സങ്കീർത്തനം 139:14). ദൈവത്തിന്റെ സൃഷ്ടിയിൽ തന്റെ സൂക്ഷ്മമായ

രൂപകല്പന കാണാം. അതുപോലെ, പുതിയ സൃഷ്ടിയായ രക്ഷയിലും അവിടുത്തെ കൈപ്പണി പ്രകടമാണ്. ഓരോ വിശ്വാസിയും ദൈവത്തിന്റെ കലാസൃഷ്ടിയാണ് ദൈവത്തിന്റെ കൈകളാൽ രൂപപ്പെടുത്തിയ മഹത്തായ കൈപ്പണി.

**3. നാം നല്ല പ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ടവർ.**

ആത്മീയമായി മരിച്ചിരിക്കുമ്പോൾ പ്രവൃത്തികൾ ചെയ്യാനാകില്ല. ആത്മീയജീവിതം ലഭിക്കുന്നത് പ്രവൃത്തികൾ ചെയ്യുന്നതിനായി തന്നെയാണ്. രക്ഷയുടെ ലക്ഷ്യം നല്ല പ്രവൃത്തികൾ ചെയ്യുക. യോഹന്നാൻ 15:8–ൽ യേശു പറയുന്നു: "നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിൽ എന്റെ പിതാവിന് മഹത്വം ലഭിക്കുന്നു.'' അതിനാൽ, രക്ഷ ലഭിച്ചതിന് ശേഷം, നല്ല പ്രവൃത്തികൾ ചെയ്യുക എന്നത് നമ്മുടെ കടമയാണ്.

**4. ദൈവം മുമ്പേ നിയോഗിച്ച നല്ല പ്രവൃത്തികൾ ചെയ്യുക.**

ഇവിടെ പ്രാധാന്യം നൽകുന്നത് ദൈവം നിയോഗിച്ച നല്ല പ്രവൃത്തികളിലാണ്, സാധാരണയായുള്ള മറ്റു കാര്യങ്ങളിൽ അല്ല. നാസ്തികരും സാമൂഹിക ഉത്തരവാദിത്തമുള്ള ധനികരും സമൂഹത്തിന് ഉപകാരപ്പെടുന്ന പല 'നല്ല പ്രവൃത്തികളും' ചെയ്യാറുണ്ട്; എന്നാൽ ക്രിസ്ത്യാനിയെ വിളിച്ചിരിക്കുന്നത് ദൈവം നിയോഗിച്ച പ്രവൃത്തികൾക്കായാണ്. ഈ വചനത്തിൽ സൂചിപ്പിക്കുന്നത്, നല്ല പ്രവൃത്തികൾ ഏതെങ്കിലും യാദൃശ്ചികമായ ദയാപ്രവൃത്തികളോ സേവനങ്ങളോ അല്ല, മറിച്ച് ദൈവം സ്നേഹത്തോടെ നമുക്കായി ഒരുക്കിയ ദൈവിക നിയമനങ്ങളാണ്. അവയിലൂടെ നാം ദൈവത്തിന്റെ സ്വഭാവവും സ്നേഹവും ലോകത്ത് പ്രതിഫലിപ്പിക്കുകയും, നമ്മെയും ചുറ്റുമുള്ളവരെയും മാറ്റുകയും ചെയ്യുന്നു. ഈ വചനത്തിൽ കൂടി ദൈവം നമ്മെ പഠിപ്പിക്കുന്നത്, ദൈവം തന്നെയാണ് തന്റെ ഹൃദയത്തിന്റെ ഉദ്ദേശങ്ങൾ ആയ നല്ല പ്രവൃത്തികൾ ചെയ്യുവാൻ നമ്മെ മുമ്പേ ഒരുക്കിയത് എന്നാണ്. ഇതിലൂടെ നമ്മുടെ ജീവിതം യാദൃശ്ചികമല്ല, മറിച്ച് വലിയൊരു ദൈവിക പദ്ധതിയുടെ ഭാഗമാണെന്ന് മനസ്സിലാക്കാം. നമ്മൾ ചെയ്യേണ്ട നല്ല പ്രവൃത്തികൾ ദൈവം നിയോഗിച്ചവയാണ്. പ്രകൃതിയിൽ ഒരു വൃക്ഷം പ്രത്യേകമായൊരു ഫലം തരാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു പോലെ, ദൈവം നിങ്ങൾക്കായി നിയോഗിച്ച പ്രവൃത്തികൾ നിങ്ങൾ മാത്രം ചെയ്യേണ്ടവയാണ്.

ദൈവം നമുക്കായി തന്നിരിക്കുന്ന നിയോഗങ്ങൾ എങ്ങനെ തിരിച്ചറിയാം:

1. നമ്മുടെ കഴിവുകളിൽ നിന്ന്.

ഉപകരണത്തിന്റെ സ്വഭാവം അതിന്റെ ഉപയോഗത്തെ വ്യക്തമാക്കുന്നു. ചുറ്റിക കൊണ്ട് മുറിക്കാനാവില്ല, അരിവാൾ കൊണ്ട് ആണികൾ അടിക്കാനാവില്ല. ദൈവത്തിന്റെ സൃഷ്ടിയിൽ അതിന്റെ പ്രത്യേക രൂപത്തിൽ തന്നെ ലക്ഷ്യത്തിന്റെ സൂചനകൾ അടങ്ങിയിരിക്കുന്നു. നമ്മുടെ പ്രവൃത്തി അറിയാൻ, ദൈവത്തിന്റെ ഇഷ്ടം അറിയുവാൻ വെളിച്ചത്തിനായി പ്രാർത്ഥിക്കണം; ഇല്ലെങ്കിൽ, നമ്മുടെ പ്രവണതയെ കഴിവായി തെറ്റിദ്ധരിക്കാനും, നമ്മുടെ ആഗ്രഹത്തെ ശേഷിയായി കരുതാനും ഇടയാകാം.

2. നമ്മുടെ സാഹചര്യങ്ങളിൽ നിന്ന്.

ദൈവം അനുഗ്രഹകരമായ വാതിലുകൾ തുറക്കുന്നു. അവ പലപ്പോഴും താഴ്ന്നതും വിനയവുമുള്ള വഴികളിലേക്കു നയിക്കുന്നതിനാൽ അവയിൽ പ്രവേശിക്കാൻ മടിക്കരുത്. അവ നമ്മുടെ മുമ്പിൽ തുറക്കപ്പെടുമ്പോൾ, നമുക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നിയോഗത്തെ അവ സൂചിപ്പിക്കുന്നു.

**5. ദൈവം നിയോഗിച്ച വഴികളിൽ നടക്കുക.**

ദൈവം മുമ്പേ ഒരുക്കിയ നല്ല പ്രവൃത്തികൾ ചെയ്യുവാൻ ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരായ നാം, അവയിൽ നടക്കണം. 'നടക്കുക' എന്നത് ഉപമയായി ഉപയോഗിക്കുമ്പോൾ, അത് ജീവിതശൈലിയെയും പതിവായ പെരുമാറ്റത്തെയും സൂചിപ്പിക്കുന്നു. നമ്മുടെ 'നടപ്പ്' നമ്മുടെ ജീവിതമാണ്. നല്ല പ്രവൃത്തികളുടെ ഫലം കൊണ്ടുവരുന്നതിൽ നാം ഉത്സാഹികളായിരിക്കണം, കാരണം നല്ലതു ചെയ്യുന്നതിൽ മടുപ്പും ക്ഷീണവും വരാൻ സാധ്യതയുണ്ട്; നമ്മുടെ ശരീരവും പിശാചും പലവിധം നമ്മെ

തടസ്സപ്പെടുത്താം. നല്ല പ്രവൃത്തികളുടെ ഉറവിടം സ്നേഹമാണ്. മറ്റേതെങ്കിലും പ്രേരണയിൽ നിന്ന് മഹത്തായത് ഒന്നും ഉണ്ടാകില്ല. നല്ല പ്രവൃത്തികൾ എല്ലായ്പ്പോഴും പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൽ നിന്നാണ്. അവൻ സ്നേഹം പ്രചോദിപ്പിക്കുന്നു, ആ സ്നേഹമാണ് നല്ല പ്രവൃത്തികൾക്ക് ജീവൻ നൽകുന്നത്.

സമാപനം

ഇന്ന്, ഈ സത്യത്തെ സ്വീകരിക്കുവാൻ നിങ്ങൾ തയ്യാറാകുമോ?

- നിങ്ങൾ ദൈവത്തിന്റെ കൈപ്പണിയാണ് എന്ന് അംഗീകരിക്കുക ദൈവം തന്റെ സ്വന്തം കൈകളും പദ്ധതികളും കൊണ്ട് നിങ്ങളെ സൃഷ്ടിച്ചതിൽ സന്തോഷിക്കുക.
- ദൈവം നിങ്ങൾക്കു നൽകിയിരിക്കുന്ന അതുല്യമായ രൂപകല്പനയും ലക്ഷ്യവും അവിടുത്തെ മഹത്വത്തിനായുള്ള അവസരമായി കാണുക.
- നിങ്ങൾ ക്രിസ്തുയേശുവിൽ നല്ല പ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ട ദൈവത്തിന്റെ കൈപ്പണിയാണെന്ന് മനസ്സിലാക്കുക.
- ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന നല്ല പ്രവൃത്തികളെ ധ്യാനിക്കുകയും, ആത്മവിശ്വാസത്തോടു കൂടെ അവയിൽ നടക്കുകയും ചെയ്യുക.
- ദൈവത്തിന്റെ കൈപ്പണിയെന്ന നിലയിൽ, നമ്മുടെ ജീവിതം നല്ല പ്രവൃത്തികളിലൂടെ ദൈവത്തെ പ്രതിഫലിപ്പിക്കുകയും, തന്റെ കൃപയുടെ സന്ദേശം ലോകത്തോട് പങ്കിടുകയും ചെയ്യേണ്ട വിളിയാണ് എന്ന് ഓർക്കുക.



ടൂ വീലർ ആവശ്യമുണ്ട്

മിഷനറിമാരുടെ ഉപയോഗത്തിനായി പഴയതും പുതിയതുമായ ടൂ വീലർ ആവശ്യമുണ്ട്.

Contact : 97 47 44 29 35

കഴിഞ്ഞകാലങ്ങളിൽ ഈ വിഷയത്തിൽ സാമ്പത്തികം നൽകിയും വാഹനങ്ങൾ നൽകിയും സഹായിച്ച പ്രിയപ്പെട്ടവരോടും ഞങ്ങൾ നന്ദി അറിയിക്കുന്നു.

മിഷനറി കുടുംബങ്ങളെ ആവശ്യമുണ്ട്

ആദിവാസിഗ്രാമത്തോട് ചേർന്ന് താമസിച്ച് ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങളിൽ പൂർണ്ണസമയം പ്രവർത്തിക്കുവാൻ സമർപ്പിതരായിട്ടുള്ള ദൈവവേലക്കാരെ ആവശ്യമുണ്ട്

ട്രൈബൽ മിഷൻ
ഇരിങ്ങോൾ പി ഒ.
പെരുമ്പാവൂർ – 683548
ഫോൺ : 0484 – 2593866



# പ്രാർത്ഥനാ കലണ്ടർ 2026
## ഏപ്രിൽ- മെയ്



1. ട്രൈബൽ മിഷൻ പ്രവർത്തനങ്ങൾക്ക് 50 വയസ് തികയുന്ന ഈ പ്രത്യേക സന്ദർഭത്തിൽ ഇതുവരെ നടത്തിയ ദൈവത്തിന് നന്ദിയോടെ സ്തോത്രം ചെയ്യാം. തുടർന്നും കർത്താവിൽ ആശ്രയിച്ചു നടത്തുവാനാഗ്രഹിക്കുന്ന  പ്രവർത്തനങ്ങൾ വിജയകരമായി നടക്കുന്നതിനും പ്രാർത്ഥിക്കുക.
2. ട്രൈബൽ മിഷൻ പെരിയമിഷൻ സെന്ററിൽ പ്രവർത്തിക്കുന്ന പ്രെയ്സ് ഫിലിപ്പിന്റെ കുഞ്ഞ് ഹോസ്പിറ്റലിൽ ആണ് കുഞ്ഞിന്  നല്ല സൗഖ്യവും ആരോഗ്യവും ലഭിച്ച് ഹോസ്പിറ്റലിൽ നിന്നും വരുന്നതിനും പ്രിയകുടുംബത്തിന്റെ പ്രവർത്തനങ്ങൾഅനുഗ്രഹമാക്കുന്നതിനും പ്രാർത്ഥിക്കുക.
3. മിഷനറി  ബാലസുബ്രമണ്യൻ ഹാർട്ട് സംബന്ധമായ ചില പ്രശ്നങ്ങളാൽ ഭാരപ്പെട്ടു ദൈവമക്കളുടെ പ്രാർത്ഥനയാൽ ആ പ്രയാസത്തിൽ നിന്നും വിടുവിക്കപ്പെട്ടു. കർത്താവിന്റെ കൃപയാൽ എല്ലാ പ്രയാസങ്ങളിൽ നിന്നും വിടുവിക്കപ്പെട്ട് കർത്താവിന്റെ വേലയ്ക്ക് പ്രയോജനപ്പെടുന്നതിന് പ്രാർത്ഥിക്കുക.
4. മാരി എന്ന മിഷനറിക്കും കുടുംബത്തിനുംമായി പ്രാർത്ഥിക്കാം രോഗാവസ്ഥയിലൂടെ കടന്നുപോകുന്നു.
5. പാലൂര് പ്രവർത്തിക്കുന്ന മിഷനറി പരമേശ്വരൻ കിഡ്നി സ്റ്റോൺ നിമിത്തം ഭാരപ്പെടുന്നു. ഇദ്ദേഹത്തിന്റെ ഭാര്യ ക്യാൻസർ രോഗത്താലും ഭാരപ്പെടുന്നു. പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കുക.
6. മിഷനറി ചന്ദ്രരാജ് ഓപ്പറേഷന് വിധേനായി വിശ്രമത്തിലാണ് എത്രയും വേഗം സൗഖ്യം പ്രാപിച്ച് കർതൃവേലയിൽ പ്രയോജനപ്പെടുന്നതിന് പ്രാർത്ഥിക്കാം.
7. മാങ്കുളം മിഷൻ ഫീൽഡിനെ ഓർത്ത് പ്രാർത്ഥിക്കാം ആരാധനാലയത്തിന്റെ പണിയെ ഓർത്തു പ്രാർത്ഥിക്കാം
8. ട്രൈബൽ മിഷന്റെ സാമ്പത്തീക ആവശ്യങ്ങൾ അനുഗ്രഹപൂർണ്ണമായി നടക്കുന്നതിനായി പ്രാർത്ഥിക്കാം.
9. ട്രൈബൽ മിഷന്റെ പുതിയ ഭരണ സമിതിയെ ഓർത്ത് പ്രാർത്ഥിക്കാം.
10. ട്രൈബൽ ന്യൂസിന്റെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കാം
11. സ്കൂൾ ഹോസ്റ്റൽ  എന്നിവയുടെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കാം
12. മിഷനെ സാമ്പത്തീകമായും പ്രാർത്ഥനയാലും സഹായിക്കുന്ന സപ്പോർട്ടേഴ്സിനെ ഓർത്ത് പ്രാർത്ഥിക്കാം. ദൈവം അവരെ സഹായിക്കുന്നതിന് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു.

---

**നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ ഞങ്ങളെ അറിയിക്കുക.**

***ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നതാണ്*  : ഫോൺ : 9747442935**

# കാടിന്റെ മക്കൾ–12

റ്റി. ജയദാസ് കളരിയ്ക്കൽ, ഫോൺ : 9747442935

## മന്നാൻ ഗോത്രം

ഇടുക്കി ജില്ലയിലെ പ്രധാനപ്പെട്ട ആദിവാസി ഗോത്രമാണ് മന്നാൻ. ഇന്നും ഈ ഗോത്രവിഭാഗത്തിൽ രാജഭരണം നിലനിൽക്കുന്നു. ഇടുക്കിയിലെ കോവിൽ മലയാണ് രാജാവിന്റെ വാസസ്ഥലം. മന്നാൻ ഗോത്രത്തിന്റെ ആത്മീയ പശ്ചാത്തലം പ്രധാനമായും മരിച്ചുപോയ പിതാക്കന്മാരെ ഇവർ ആരാധിച്ചുവരുന്നു. ' ചാവർ ചാമി' എന്നാണ് ഇതിനെ വിളിക്കുന്നത്. പൂജകളും മറ്റിതര കർമ്മങ്ങളും നടത്തുവാൻ ഇവർക്ക് പൂജാരിമാർ ഉണ്ട്. പൊതുവെ ഈ ഗോത്രക്കാർ ബഹു ദൈവ വിശ്വാസം ഉള്ളവരാണ്.

ഒരു മരണം സംഭവിച്ചാൽ ശവം മറവ് ചെയ്യുന്നതിന് മുൻപായി കൂത്തും പാട്ടും നടത്തും. മരിച്ച ആളിന്റെ നല്ല കാര്യങ്ങൾ പാടി വാഴ്ത്തിക്കൊണ്ടിരിക്കും. മൃതദേഹത്തിന്റെ നെറ്റിയിൽ ഒരു നാണയം പതിച്ചുവയ്ക്കും. പാദം രണ്ടും ചേർത്ത് വച്ച് ഒരു മരപലകയിൽ അടയാളപ്പെടുത്തി പിന്നീടുള്ള പൂജകൾക്കായി സൂക്ഷിച്ചു വയ്ക്കും.

മരിച്ച വ്യക്തിയുടെ ആത്മാവ് മറ്റൊരു വ്യക്തിയിൽ പ്രവേശിച്ച് ഭൂതം, ഭാവി, വർത്തമാന കാര്യങ്ങളെ കുറിച്ചു പ്രവചിച്ചും ഓരോന്നിനും പ്രതിവിധി പറയുകയും ചെയ്യും. ഇത് അനുസരിച്ച് പ്രവർത്തിച്ചാൽ രോഗവും, ദുഃഖവും, കഷ്ടവും മാറുമെന്ന് വിശ്വസിക്കുന്നു.

മരിച്ച ആളിനെ ചാവർപതിയിലേക്ക് കൊണ്ടുപോകുന്നു. (ചാവർപതി എന്നത് ഇവരുടെ പൊതു ശ്മശാനം) മഞ്ചലിൽ തുണികൊണ്ട് മൂടിയാണ് മൃതദേഹം കൊണ്ടുപോകുന്നത്. ശവക്കുഴിക്ക് ചുറ്റും 3 പ്രാവശ്യം മഞ്ചവുമായി പ്രദക്ഷിണം നടത്തുന്നു. കാർമ്മികൻ വായ്ക്കരി ഇടുന്നു. തുടർന്ന് ബന്ധുമിത്രാധികൾ ചേർന്നു മണ്ണിടുന്നു. ഭൂതപ്രേതാതികളിൽ നിന്നും രക്ഷിക്കണമേ എന്നു പ്രാർത്ഥിച്ചു പിരിയുന്നു.

മരിച്ച ആളിന്റെ ആത്മശാന്തിക്കായി ചോറ് വിളമ്പൽ എന്ന ചടങ്ങ് ഉണ്ട്. അതിന് ശേഷമായി ആരാധന മൂർത്തികളെ വാഴ്ത്തി പാടികൊണ്ടുള്ള കൂത്തും അവതരിപ്പിക്കും മന്നാൻ ഗോത്രക്കാർ പൊതുവെ ബഹു ദൈവ വിശ്വാസികളാണ്. സ്വർഗ്ഗത്തെക്കുറിച്ചെ നരകത്തെക്കുറിച്ചോ ബഹുഭൂരിപക്ഷത്തിനും വ്യക്തമായ അറിവ് ഇല്ല. ഇത് സംബന്ധിച്ചുള്ള് പലരും പല അഭിപ്രായങ്ങൾ പറയുന്നു.

## മുതുവാൻ ഗോത്രം

മുതുവാൻ എന്ന ആദിവാസി ഗോത്രക്കാർ കൂടുതലായി കണ്ടുവരുന്നത്. ഇടുക്കി ജില്ലയിലാണ്. ഇടമല കുടി, പന്തപ്ര, പിണവൂർകുടി, വേലിയം പാറ, മാങ്കുളം, മേട്നാപാറ എന്നിവിടങ്ങളിൽ പ്രധാനമായും ഈ ഗോത്രക്കാരെ കാണാവുന്നതാണ്. ഇതര ഗോത്രക്കാരിൽ നിന്നും വ്യത്യസ്തമായ ഒരു ഗോത്ര വിഭാഗമാണ് മുതുവാൻ ഗോത്രം

## മുതുവാൻ ഗോത്രം ഇടുക്കി

രണ്ട് വിഭാഗങ്ങൾ പ്രധാനമായും ഇവർക്കിടയിൽ ഉണ്ട്. തമിഴ് മുതുവാനെന്നും മലയാളി മുതുവാനെന്നും ഇവർ അറിയപ്പെടുന്നു.

തമിഴ്നാട്ടിൽ നിന്നും പ്രാണ രക്ഷാർത്തം യുദ്ധസമയത്ത് വനത്തിനുള്ളിൽ പ്രവേശിച്ചവരാണ് ഇവർ. തമിഴും മലയാളവും കലർന്ന ഒരു പ്രത്യേക ഭാഷരീതിയാണ് ഇവർക്കുള്ളത്. ലിപി

ഇല്ലാത്തതും ആകുന്നു. മുതുകിൽ ഭാരം കയറ്റി വന്നവർ എന്ന അർത്ഥത്തിലാണ് മുതുവാൻ എന്ന പേരിൽ ഇവർ അറിയപ്പെടുന്നത്. സാധാരണയായി അടുത്തടുത്തായി ഭവനം നിർമ്മിച്ചു വരുന്നു. ഇവരുടെ ഇടയിൽ കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് ചുമതലപ്പെട്ട ആളിന്റെ പേരാണ് 'കാണി' മൂപ്പൻ എന്നൊക്കെ പറയും. മുതുവാൻമാർക്കിടയിൽ വിശ്വാസം സംബന്ധിച്ചോ മറ്റ് കാര്യങ്ങൾക്കോ വീഴ്ചവരുത്തുന്നവരെ ശിക്ഷിക്കാൻ കാണിക്ക് അധികാരം ഉണ്ട്. കാണിയൊടൊപ്പമായി ഉന്നതിതയിലെ പ്രമുഖർ കൂടി ആലോചിച്ചാണ് ശിക്ഷകൾ നടത്തുന്നത്. ഊര് വിലക്ക് കൽപ്പിച്ചുള്ളവർക്ക് ഉന്നതിയിൽ മറ്റ് കാര്യങ്ങളിൽ സംബന്ധിക്കാൻ അധികാരമില്ല.

മലയാളി മുതുവാനും തമിഴ് മുതുവാനും തമ്മിൽ വസ്ത്രം ധരിക്കുന്നതിലും മറ്റുമായി ചില മാറ്റങ്ങൾ ഉണ്ടെങ്കിലും ഒരുമിച്ച് ഒന്നായി കഴിഞ്ഞുവരുന്നു.

ഒരു ദൈവമുണ്ടെന്നും ആ ദൈവത്തിന്റെ പ്രവൃത്തിക്ക് വിധേയരാണ് മനുഷ്യനും മൃഗങ്ങളുമെന്ന് വിശ്വസിക്കുന്നു. ദൈവത്തിന്റെ പ്രസാദം നേടുന്നതിന് പൂജകളും ഹോമങ്ങളും നടത്തുന്നു. തെറ്റ് ചെയ്യുന്നവർ ശിക്ഷിക്കപ്പെടുമെന്നും അല്ലാത്തവർക്ക് നന്മ ഉണ്ടാകുമെന്നും വിശ്വസിക്കുന്നു. വർഷത്തിൽ ഒരിക്കൽ മുതുവാന്മാർ ഒരുമിച്ചു കൂടി കൂത്തും നൃത്തവും നടത്തുന്നു വളരെ കേമമാണ്. ഇതിന്റെ എല്ലാവിധ ആവശ്യങ്ങൾക്കും മുതുവാൻ എല്ലാവരും സഹകരിച്ചിരിക്കുണമെന്നും നിയമമുണ്ട്. മുതുവാൻ ഗോത്രക്കാർ മറ്റുള്ള ഗോത്രങ്ങളോടും പരിഷ്കൃത ജനതയോടും പൊരുത്തപ്പെടാൻ വൈമനസ്യമുള്ളവരാണ്. തനതായ സംസ്കാരത്തിൽ തന്നെ ജീവിക്കുവാനാണ് ഇവർക്ക് ഏറെ ഇഷ്ടം നിബിഡമായ വനാന്തരങ്ങളിൽ കഴിയുന്നതിനാൽ ഇവരിൽ ഭൂരിഭാഗവും നിരക്ഷകരും അജ്ഞരും അന്ധവിശ്വാസങ്ങൾക്ക് അടിമകളുമാണ്. ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ മാത്രം 680തോളം കുടുംബങ്ങൾ താമസിക്കുന്നു.

പൂജാരിയും മന്ത്രവാദിയും കുടിയിലെ പ്രധാനികളാണ്. മന്ത്രവാദി വൈദ്യൻ കൂടിയാണ് ഭൂതപ്രേതവിശ്വാസമുള്ള മുതുവാന്മാർ മരണത്തെയും മരണാനന്തരചടങ്ങുകളെയും ഭയപ്പെടുന്നു.

മുരുകൻ, ലക്ഷ്മി മധുരമീനാക്ഷി, ഗണേശൻ മുതലായ ദൈവങ്ങളെ കോവിലിൽ ചെന്നു കണ്ട് ആരാധിക്കുന്ന പതിവുണ്ട്. കാട്ടിൽ ചില സ്ഥലങ്ങളിൽ പുരുഷന്മാർ കൂട്ടമായിപോയി മലദൈവങ്ങളെയും ആരാധിക്കുന്നു. അരിയും ശർക്കരയും ചേർത്ത് നിവേദിക്കുന്നതാണ് 'പൊങ്കൽ' മലകൾക്കും കാടുകൾക്കും പ്രത്യേക രക്ഷകൻമാരുണ്ടെന്ന് കരുതുന്നു. മരിച്ചു പോയ പൂർവ്വികരെയും ആരാധിക്കുന്നു.

മലദൈവങ്ങളെ ആരാധിക്കുന്നതോടൊപ്പം ഇവർ ഹിന്ദു സമുദായ ആചാരങ്ങളും സ്വീകരിച്ചിട്ടുണ്ട്.

മനുഷ്യന്റെ പുനരുദ്ധാരണത്തിൽ ഇവർ വിശ്വസിക്കുന്നില്ല. മരിക്കുമ്പോൾ ദൈവം ജീവനെ കൊണ്ടുപോകുന്നു എന്നവർ വിശ്വസിക്കുന്നു. മരണമുണ്ടായാൽ കാണി നിയമിക്കുന്ന ദണ്ഡക്കാരനാണ് എല്ലായിടത്തും വിവരങ്ങൾ അറിയിക്കുന്നത്. ദുഃഖ സൂചകമായി വെള്ളതുണി തൂക്കുന്നു. ലോകത്തെവിടെയും ദുഃഖത്തിന്റെ നിറം കറുപ്പായിരിക്കുമ്പോൾ മുതുവാകുടിയിൽ വെളുപ്പാണ്. പഴയകാലങ്ങളിലെ മുതുവാന്മാർ എല്ലാം മുടി നീട്ടി കുടുമി കെട്ടുന്ന രീതി ഉണ്ടായിരുന്നു. മുതുവാന്മാർ പൊതുവെ കാഴ്ചക്ക് സുന്ദരനും വെളുത്ത നിറമുള്ളവരും, ആരോഗ്യവാനുമാണ്. കൃഷി കാര്യങ്ങൾശ്രദ്ധിച്ചു ചെയ്തുവരുന്നു. കാപട്യമില്ലാത്തവരും വൃത്തിയുള്ളവരും ആണ് മുതുവാന്മാർ.

# പദപ്രശ്നം 18

(റ്റി.യു ഉതുപ്പ്, തിരുവനന്തപുരം)

**ശ്രദ്ധിക്കുക :**

ഉത്തരങ്ങൾ രണ്ടു രീതിയിൽ അയക്കാം. സൂചനകൾ നോക്കി വലത്തോട്ടുള്ളവ വേറെയും താഴോട്ടുള്ളവ വേറെയും വ്യക്തമായി കാണിച്ച് അയക്കാം അല്ലെങ്കിൽ ഒരു പോസ്റ്റ് കാർഡിൽ കോളങ്ങൾ വരച്ച്, കോളങ്ങൾ പൂരിപ്പിച്ച് അയക്കാം. അയക്കേണ്ട വാട്ട്സ് ആപ്പ് നമ്പർ 8714484527. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2026 ജൂൺ 30.

| | | | | | |
|---|---|---|---|---|---|
| 1 | | 2 | | | 12 |
| 3 | 4 | | | 5 | |
| 6 | | 7 | | | |
| 8 | 11 | | 9 | | |
| | | | 10 | | |

## സൂചനകൾ (Clues)

**വലത്തോട്ട്**

1. സെഖര്യാവിനും മറിയക്കും പ്രത്യക്ഷപ്പെട്ട ദൈവദൂതൻ (4)
2. ശമുവേൽ പ്രവാചകന്റെ പിതാവ് (4)
3. ഒരു വർഷത്തെ ജനുവരി മുതൽ ഡിസംബർ വരെ ഇങ്ങനെ 12 ആയി തിരിച്ചിരിക്കുന്നു (2)
4. ഏറ്റവും ശുദ്ധമായത് (3)
5. ഫിലിപ്പോസ്, എത്യോപ്യൻ ഷണ്ഡനെ കണ്ടുമുട്ടുന്നത് യരുശലേമിൽനിന്നും ഇങ്ങോട്ടുള്ള വഴിയിൽവച്ചാണ് (2)
6. കർത്താവ് എടുത്തുപറഞ്ഞ വയലിലെ പുഷ്പിക്കുന്ന ചെടി (2)
7. ദാവീദിന്റെ പാപംബോദ്ധ്യപ്പെടുത്തിയ പ്രവാചകൻ (3)
8. ഏലീശയുടെ ശിഷ്യനാൽ അഭിഷേകം ചെയ്യപ്പെട്ട ആഹാബിന്റെ കുടുംബത്തെ ഉന്മൂലനം ചെയ്യിച്ച യിസ്രയേൽ രാജാവ് (2)
9. വേദപുസ്തകത്തിന്റെ രണ്ടാമത്തെ ഭാഗത്തെ, ഈ നിയമം എന്നു പറയുന്നു (3)
10. ഇസ്രയേൽ മക്കളുടെ വാഗ്ദത്ത ദേശം ഈ പേരിൽ അറിയപ്പെടുന്നു(3)

**താഴേക്ക്**

1. ഈ ഗുരുവിന്റെ പാദപീഠത്തിലിരുന്നാണ് പൗലോസ് ന്യായ പ്രമാണം പഠിച്ചത് (5)
2. ലോക രക്ഷിതാവ് (5)
7. സംരക്ഷകൻ (3)
9. തീ കത്തുമ്പോൾ ഉയരുന്നത് (2)
11. അഹരോനോടൊപ്പം മോശയുടെ കൈതാങ്ങിയആൾ(2)
12. നസറേത്തിൽ വളർന്നതിനാൽ യേശുവിനെ ഇങ്ങനെ വിളിച്ചു.(5)

## പദപ്രശ്നം 16 ലെ ഉത്തരങ്ങൾ

**വലത്തോട്ട്-** 1. രാജാവ് 2. അക്സാ 3. ഹല്ലേലൂയ്യാ 4. മാറാ 5. പക 6. മാനസാന്തരം 7. മാൻ 8. റാഹേൽ

**താഴേക്ക് -** 1. രാഹാബ് 2. അയ്യാവ് 9. രാമാ 10. ഹാമാൻ 11. മനശ്ശെ 12. സാറാ 13. സാറാ 14. കരം

പദപ്രശ്നം 16 ൽ 20 പേർ പങ്കെടുത്തു, എല്ലാവരും എല്ലാം ശരിയാക്കിയെന്നത് വളരെ സന്തോഷത്തോടെ പ്രസ്താവിക്കട്ടെ

## എല്ലാം ശരിയുത്തരം അയച്ചവർ

1. സുമ ഷാജി, കാക്കനാട്
2. സൂസമ്മ ചാക്കോ ചൂണ്ടി, ആലുവ
3. സുശീല ഡേവിഡ്, വിതുര
4. സുലു പീറ്റർ, പെരുമ്പാവൂർ
5. വത്സ തോമസ്, എറണാകുളം
6. സിജി, കടയ്ക്കനാട്
7. ലിസി ജോബ്, കുന്നംകുളം
8. ഷീബാ ഷാബു, കൊല്ലം
9. ജോളി സാജൻ, ഇരട്ടയാർ
10. ശ്രീ തോമസ്, വട്ടയ്ക്കാട്ട് , മണർക്കാട്
11. അനിതാ ബഞ്ചമിൻ , കുളത്തുപ്പുഴ
12. ജിൻസി എഡ്ബി, പഴഞ്ഞി
13. ബ്ലസ്സി സാജൻ, നിലമ്പൂർ
14. ദീന പ്രവീൺ, കരുളായി
15. എലിസബത്ത് അലക്സ് അയിരൂർ
16. വത്സമ്മ റ്റി. നാലാഞ്ചിറ, തിരുവനന്തപുരം
17. നിഷാ ജോസ്, ചെങ്ങന്നൂർ
18. വിൽസി മനോജ്, നിലമ്പൂർ
19. ഓമന മാത്യു, കരിയം, തിരുവനന്തപുരം
20. ചിത്രാ ബിനു, കളീയ്ക്കൽ

എല്ലാവർക്കും അഭിനന്ദനങ്ങൾ



തെറ്റുകൾക്കൾക്ക് പ്രതിശാന്തി ചെയ്യുന്നത് സാക്ഷാൽ മാനസാന്തരമാണ്.

# സൗജന്യ മെഡിക്കൽ ക്യാമ്പ്
## മാങ്കുളം


ഇടുക്കി ജില്ലയിലെ ആദിവാസി മേഘലയായ മാങ്കുളം ഗ്രാമപഞ്ചായത്തിലെ താളുംകണ്ടം ഗ്രാമത്തിൽ വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. ഡോ. സാം സഹായദാസിന്റെ നേതൃത്വത്തിൽ ഒരു മെഡിക്കൽ ടീം നാഗർ കോവിൽ നിന്നും 16.05.2026 ശനിയാഴ്ച രാവിലെ ട്രെയിൻ മാർഗ്ഗം ആലുവയിൽ എത്തിച്ചേർന്നു. അവിടെ നിന്നും ബഹുദൂരം സഞ്ചരിച്ച് 11 മണിയോടെ ക്യാമ്പ് സെന്ററിൽ എത്തി പഞ്ചായത്തിന്റെ വകയായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ മിഷന്റെ ചുമതലക്കാരെ കൂടാതെ ഇടുക്കി ജില്ലയിലുള്ള മിഷനറിമാരും വിശ്വാസികളും വേണ്ടതായ ക്രമീകരണങ്ങൾ നൽകി സഹായിച്ചു. ബ്രദർ സാമിനെ കൂടാതെ ഡോ. അഭിലാഷ് സാം, ഡോ. ആശ, സിസ്റ്റർ പ്രസന്ന, ശ്രീ. വർഗീസ് എന്നിവരാണ് മെഡിക്കൽ ടീം ആയിട്ടുവന്നത്. മാങ്കുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സാജു ജോസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ഇടുക്കി ജില്ലയുടെ കോ- ഓർഡിനേറ്റർ പാസ്റ്റർ ജി എൻ കണ്ണൻ എല്ലാവരേയും സ്വാഗതം ചെയ്തു ശ്രീ. മാത്യു ജേക്കബ് , ബേബി മാത്യു ഡോ. സാം സഹായദാസ് എന്നിവർ ചുരുക്കം വാചകത്തിൽ ആശംസകൾ അറിയിച്ചു. ശ്രീ. കെ പൗലോസ് എല്ലാവർക്കും നന്ദിയും പ്രകാശിപ്പിച്ചു. തുടർന്ന് ക്യാമ്പ് 3 മണിവരെ നടത്തപ്പെട്ടു. ഏതാണ്ട് 300 ൽ അധികം പേർ ക്യാമ്പിൽ കടന്നുവന്നു ചികിത്സതേടി 82 പേർക്ക് കണ്ണ് പരിശോധിച്ച് സൗജന്യമായി കണ്ണടകളും നൽകി. ഇത്രയും ദീർഘദുരം സഞ്ചരിച്ച് പാവപ്പെട്ട ആദിവാസി സമൂഹത്തിന് ഡോ. സാം സഹായദാസും ടീമും നൽകിയ നിസ്വാർത്ഥ സേവനത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും അവരോടുള്ള മിഷന്റെ അകമഴിഞ്ഞ നന്ദിയും സ്നേഹവും പ്രകടിപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

കെ പൗലോസ്
ഫിനാൻസ് സെക്രട്ടറി



**ഡോ. അഭിലാഷ് സാം മെഡിക്കൽ ക്യാമ്പിൽ രോഗികളെ പരിശോധിക്കുന്നു**

# ഫിനാൻസ് സെക്രട്ടറിയുടെ കത്ത്



ഫിനാൻസ് സെക്രട്ടറി
**കെ പൗലോസ് MA**

കർത്താവിൽ പ്രിയ പ്രാർത്ഥന സഹകാരികളെ
ഏവർക്കും വീണ്ടും വരുന്ന യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം !
2025 -26 സാമ്പത്തിക വർഷം നാം പിന്നിട്ടു കഴിഞ്ഞു. തിരിഞ്ഞുനോക്കുമ്പോൾ ദൈവം ട്രൈബൽ കുടുംബമായി നമ്മെ കരുതി പരിപാലിച്ച കൃപകൾക്കായി ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ മിഷനറിമാർക്ക് എല്ലാം തക്ക സമയത്ത് മുടക്കം കൂടാതെ സപ്പോർട്ട് നൽകുവാൻ കഴിഞ്ഞ ഒരു വർഷക്കാലവും ദൈവം സഹായിച്ചു. തങ്ങളുടെ ഇല്ലായ്മയിൽ നിന്നുപോലും ഈ വേലയെ സ്നേഹിച്ച ഔദാര്യമായി സഹായിച്ച എല്ലാവരേയും നന്ദിയോടെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. ഈ വേലയെ പ്രാർത്ഥനയിൽ ഓർക്കുകയും സപ്പോർട്ട് നൽകുകയും ചെയ്തുകൊണ്ടിരിക്കുന്ന വ്യക്തികൾ, കുടുംബങ്ങൾ, കൂട്ടായ്മകൾ, സഭകൾ എന്നിവരെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയും സഹായവുമാണ് ഈ പ്രവർത്തനത്തിന്റെ നട്ടെല്ല്. ഈ ഗോൾഡൻ ജൂബിലി വർഷത്തിൽ പല പുതിയ പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു. നിങ്ങളുടെ വിലയേറിയ സഹായ സഹകരണത്താൽ അതെല്ലാം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് കർത്താവിൽ ആശിക്കുന്നു.

നമ്മുടെ ഗോൾഡൻ ജൂബിലി കൺവെൻഷൻ 2026 ഏപ്രിൽ മാസം 24-26 വരെയുള്ള തീയതികളിൽ നാഗർ കോവിലിലുള്ള സി എസ് ഐ ക്രൈസ്റ്റ് ചർച്ചിൽ വച്ച് അനുഗ്രഹകരമായി നടത്തപ്പെട്ടു. മിഷന്റെ ചുമതലക്കാരും മിഷനറിമാരുമടക്കമുള്ള ആളുകൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു. പകൽ യോഗങ്ങൾ അടുത്തുള്ള റിക്രിയേഷൻ സെന്ററിലും രാത്രി യോഗങ്ങൾ സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ചിലും ആണ് നടത്തപ്പെട്ടത്. സി. എസ്.ഐ. ചർച്ച് പാസ്റ്റർ റവ.വി ജോൺസൺ ഗിൽബർട്ടും, അസി. പാസ്റ്റർ എസ്. ആർ. റെജിൻ യോഗങ്ങൾക്ക് ശക്തമായി നേതൃത്വം നൽകി സഹായിച്ചു. നാഗർ കോവിൽ പ്രയർഗ്രൂപ്പിലെ അംഗങ്ങൾ എല്ലാവരും ഡോ. സാം സഹായദാസിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നിർവ്വഹിച്ചു. രാത്രിയോഗങ്ങളിൽ ഡോ. കെ മുരളീധർ ദൈവവചനം ശുശ്രൂഷിച്ചു. പകൽ യോഗങ്ങളിൽ വിവിധ മിഷൻഫീൽഡുകളിലെ പ്രവർത്തന റിപ്പോർട്ട് മിഷനറിമാർ പങ്കുവയ്ക്കുകയും വിവിധ ഗോത്രഭാഷകളിലുള്ള ഗാനങ്ങൾ ആലപിച്ച് തങ്ങളുടെസാക്ഷ്യവും പങ്കുവച്ചത് വളരെ അനുഗ്രഹമായിരുന്നു. വിവിധ സീസണുകളിൽ ഡോ.തോമസ് ഡേവിഡ്, ശ്രീ. റ്റി യു ഉതുപ്പ് ഡോ. മുരളീധർ, ശ്രീ ബേബി മാത്യു, ശ്രീ.

കെ പൗലോസ് എന്നിവർ നേതൃത്വം നൽകി ഞായറാഴ്ച രാവിലെ നടത്തപ്പെട്ട ആരാധനയിൽ ഡോ.കെ.മുരളീധർ വചന ശുശ്രൂഷ നിർവ്വഹിച്ചു. ഉച്ചഭക്ഷണത്തിനുശേഷം കന്യാകുമാരിയിലേക്ക് ഒരു ഉല്ലാസയാത്രയും ഡോ. സാം സഹായദാസിന്റെ നേതൃത്വത്തിൽ ക്രമീകരിച്ചിരുന്നു. ശ്രീമതി ലെറ്റിഷ ജോൺസണിന്റെ ഉടമസ്ഥതയിലുള്ള വിക്ടറി മെട്രികുലേഷൻ സ്കൂളിന്റെ രണ്ടു മിനിബസ്സുകൾ ഇതിനുവേണ്ടി വിട്ടു നൽകിയത് നന്ദിയോടെ സ്മരിക്കുന്നു. കൺവെൻഷന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി കഠിനാധ്വാനം ചെയ്ത ഓരോ വ്യക്തികളേയും നന്ദിയോടെ സ്മരിക്കുന്നു. സി.എസ്.ഐ ക്രൈസ്റ്റ് ചർച്ച് സീനിയർ പാസ്റ്റർ വി. ജോൺസൺ ഗിൽബർട്ട്, അസിസ്റ്റന്റ് പാസ്റ്റർ റെജിൻ, സെക്രട്ടറി, ട്രഷറർ, കമ്മിറ്റി മെമ്പേഴ്സ്, പ്രയർ ഗ്രൂപ്പ് മെമ്പേഴ്സ് ഡോ. സാം സഹായദാസ്, എസ് ഡോൺ. എന്നിവരോടുള്ള നന്ദിയും മിഷന്റെ പേരിൽ രേഖപ്പെടുത്തുന്നു. വളരെ രുചികരമായ ഭക്ഷണവും തക്കസമയത്ത് എത്തിച്ചു നൽകിയത് കൺവെൻഷന്റെ മാറ്റുകൂട്ടുവാൻ ഇടയാക്കി സകലമഹത്വവും കുഞ്ഞാടിന്.

ട്രൈബൽ മിഷൻ മിഷനറിമാരുടെ റിട്രീറ്റ് മെയ് മാസം 5-ാം തീയതി മുതൽ 7-ാം തീയതി വരെ അട്ടപ്പാടിയിലെ വട്ടലക്കി സ്കൂളിൽ വച്ച് നടത്തുവാൻ കർത്താവ് സഹായിച്ചു. എല്ലാ മിഷനറിമാരും കുടുംബമായി ഈ സംഗമത്തിൽ പങ്കുചേർന്നു ജനറൽ സെക്രട്ടറി ഡോ. കെ. മുരളീധർ മുഴുവൻ സമയവും പങ്കെടുത്ത് വേണ്ടതായ നേതൃത്വംനൽകി. വിവിധ സെക്ഷനുകൾക്ക് ഡോ. മുരളീധർ, ഡോ. തോമസ് ഡേവിഡ്, റ്റി. യു. ഉതുപ്പ്, ബേബി മാത്യു, ഡോ. സുബ്രമണി, കെ. പൗലോസ് , മാത്യു ജേക്കബ്, സാജു ജോർജ്ജ്, കെ.കെ. കോശി, ബാബു വർഗീസ്, ദീപക് രംഗനാഥൻ, പാസ്റ്റർ ജയദാസ് എന്നിവർ നേതൃത്വം നൽകി സഹായിച്ചു. പുതിയ തീരുമാനങ്ങളോടെ മിഷൻ ഫീൽഡുകളിലേക്ക് മടങ്ങുവാൻ മിഷനറിമാരെ സജ്ജമാക്കുന്ന ഒരു അവസരമായിരുന്നു അത്. ഇതിന്റെ സുഗമമായ നടത്തിപ്പിനായി അഹോരാത്രം പണിയെടുത്ത് ബ്രദർ കെ. കെ. കോശി, ശ്രീമതി ഗ്രെയ്സ് കോശി, അട്ടപ്പാടി ബാലഭവൻ സ്റ്റാഫ്, വിശ്വാസികൾ എല്ലാവരേയും നന്ദിയോടെ സ്മരിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

ട്രൈബൽ മിഷന്റെ ഒരു അഭിമാന വിഷയമാണ് അട്ടപ്പാടിയിൽ പ്രവർത്തിക്കുന്ന ബഥനി ഇംഗ്ലീഷ് മീഡിയം സ്കൂൾ, എൽകെജി മുതൽ പത്താംക്ലാസ് വരെയുള്ള കുട്ടികൾ ഇവിടെ പഠനം നടത്തുന്നു. ഈ വർഷവും എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കുവാൻ ദൈവം സഹായിച്ചു. നിങ്ങളുടെയെല്ലാം തുടർമാനമായ പ്രാർത്ഥനയും സഹായ സഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

എന്ന്

കെ പൗലോസ്

# തലപ്പുഴ സഭഹാൾ സമർപ്പണ ശുശ്രൂഷ

ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ

ദൈവകൃപയാൽ നാളുകളായി പ്രാർത്ഥിക്കുകയും ആഗ്രഹിക്കുകയും ചെയ്തപോലെ തലപ്പുഴ ചർച്ചിന്റെ സഭഹാൾ സമർപ്പണ ശുശ്രൂഷ മാർച്ച് മാസം 28ന് അനുഗ്രഹമായി നടന്നു. തോമസ് ഡേവിഡ് സാർ ഉദ്ഘാടന കർമ്മം നിർവഹിച്ചു. തുടർന്ന് നടന്ന പൊതുയോഗത്തിൽ ട്രൈബൽ മിഷന്റെ ഫിനാൻസ് സെക്രട്ടറി ആയിരിക്കുന്ന പൗലോസ് സാർ അധ്യക്ഷത വഹിച്ചു. വയനാട് ജില്ലാ കോർഡിനേറ്റർ ആയിരിക്കുന്ന പാ. വി. സി ജേക്കബ് പ്രാർത്ഥിച്ച് മീറ്റിംഗ് ആരംഭിച്ചു. നാളിത് വരെ നടന്ന നിർമാണ പ്രവർത്തനങ്ങളെ കുറിച്ചും അതിനായി കൈത്താങ്ങൽ നൽകിയവരെ കുറിച്ചും തോമസ് ഡേവിഡ് സാർ ചുരുക്കമായി സാക്ഷ്യം പറഞ്ഞു. ട്രൈബൽ മിഷന്റെ ജനറൽ സെക്രട്ടറി ആയിരിക്കുന്ന ഡോ. മുരളിധർ മുഖ്യ സന്ദേശം നൽകി. തുടർന്ന് മാനന്തവാടി നഗരസഭ ചെയർമാൻ ജേക്കബ് സെബാസ്റ്റ്യൻ, കൗൺസിലർ കിഷോർ, മുൻ കൗൺസിലർ ഷീബ ബോബി, ട്രൈബൽ മിഷന്റെ എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പർ ആയിരിക്കുന്ന കോശി സാർ, താബോർ റീട്രീറ്റ് സെന്ററിന്റെ ചെയർമാൻ ജോയ് മുളക്കൽ എന്നിവർ ആശംസകൾ അറിയിച്ചു. തുടർന്ന് തലപ്പുഴ ചർച്ചിന്റെ ശുശ്രൂഷകനായിരിക്കുന്ന പാ. ബോവസ് എല്ലാവർക്കും നന്ദി അറിയിച്ചു. പ്രത്യേകാൽ സഭയുടെ നിർമാണത്തിനായുള്ള സാമ്പത്തിക സഹായം നൽകുകയും അതിന്റെ എല്ലാ നിർമാണ പ്രവർത്തനങ്ങളിലും സാന്നിധ്യമറിയിക്കുകയും ചെയ്ത തോമസ് ഡേവിഡ് സാറിനോടും കുടുംബത്തിനോടും അദ്ദേഹ ത്തോടൊപ്പം കടന്നുവന്നു സഹകരിച്ച സാബു സാർ, ബാലകൃഷ്ണൻ സാർ എന്നിവരോടും നന്ദി അറിയിച്ചു. പിന്നീട് പാ. മാത്യു വി ജേക്കബ് പ്രാർത്ഥിച്ച് മീറ്റിംഗ് അവസാനിപ്പിച്ചു

# വാർഷിക പൊതുയോഗം

*2025- 26 ലെ ട്രൈബൽ മിഷന്റെ വാർഷിക പൊതുയോഗം മുൻ നോട്ടീസനുസരിച്ച് 2026 മെയ് മാസം 9-ാം തീയതി 2.00 pm ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ വച്ച് ചേരുവാൻ ദൈവം കൃപ ചെയ്തു. പ്രസിഡന്റ് ശ്രീ മാത്യു ജേക്കബിന്റെ അധ്യക്ഷതയിൽ പ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു പ്രോക്സി സഹിതം 29 പേർ ഹാജരുണ്ടായിരുന്നു. അദ്ധ്യക്ഷന്റെ ആമുഖ പ്രസംഗത്തിനു ശേഷം ഡോ. സുബ്രമണി തിരുവനന്തപുരം മുഖ്യസന്ദേശം നൽകി പിന്നീട് 2025 - 26 ലെ പ്രവർത്തന റിപ്പോർട്ട് അഡ് സെക്രട്ടറി വായിച്ചു സഭ ചർച്ചകൾക്കു ശേഷം ഏകകണ്ഠേന പാസാക്കി. പിന്നീട് 2025- 26 വരവുചിലവു കണക്ക് ഓഡിറ്റർ റിപ്പോർട്ടും 2026- 27 ലേക്കുള്ള ബഡ്ജറ്റും ഫിനാൻസ് സെക്രട്ടറി സഭയിൽ അവതരിപ്പിച്ചു. ചർച്ചക്കുശേഷം സഭ ഏകകണ്ഠേന അതു പാസാക്കി. തുടർന്ന് 2026-27 ലെക്കുള്ള ഭാരവാഹികളുടെ ഇലക്ഷനും നടന്നു. പ്രാർത്ഥനയോടെ യോഗം 4 മണിക്ക് സമംഗളം പര്യവസാനിച്ചു.*

ഫോട്ടോ കവർ പേജിൽ
Pr. Johnson Gilbert
Pr. S.R. Regin

# മിഷൻ ഫീൽഡ് പ്രാർത്ഥനാ വിഷയങ്ങളും പ്രവർത്തനങ്ങളും

## തോൽപ്പെട്ടി

ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ ദൈവകൃപയാൽ തോൽപ്പെട്ടി സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. സഭയെ ഓർത്തു പ്രാർത്ഥിക്കുകയും കൈതാങ്ങൾ നൽകുകയും ചെയ്ത പ്രിയപ്പെട്ടവരോടുള്ള നന്ദി അറിയിക്കുന്നു.

എല്ലാ ചൊവ്വാഴ്ചകളിലും സഭാരാധന നടന്നുവരുന്നു. 50 മുതൽ 70 വരെയുള്ള ആളുകൾ ആരാധനയിൽ പങ്കെടുക്കുന്നു. ഞായറാഴ്ച സൺഡേ സ്കൂൾ നടക്കുന്നു. 6 മുതൽ 23 വരെ കുട്ടികൾ കൂടി വരുന്നു മാസത്തിൽ ഒരു ബുധനാഴ്ച  സ്റ്റോറി മീറ്റിംഗ് നടക്കുന്നു. മാസത്തിൽ ഉപവാസ പ്രാർത്ഥന നടക്കുന്നു.  വിനു രഘു മണി രംഗസ്വാമി രത്ന എന്നിവരുടെ ഭവനങ്ങളിൽ ഭവനപ്രാർത്ഥന നടക്കുന്നു.

പ്രാർത്ഥന വിഷയം

1. സഭയേയും സഭാപ്രവർത്തനങ്ങളെയും ഓർത്തു പ്രാർത്ഥിക്കുക
2. മണി, അക്ഷയ ഇവരുടെ കുടുംബജീവിതത്തിനായി പ്രാർത്ഥിക്കുക.
3. സണ്ണയപ്പ , സീതമ്മ വർദ്ധക്യത്തിലായിരിക്കുന്നു മുട്ടു വേദനയായും ശരീര പ്രയാസത്താലും ഭാരപ്പെടുന്നു, സൗഖ്യത്തിനായി പ്രാർത്ഥിക്കുക.
4. രഞ്ചിത (16) പ്ലസ്സ് വണ്ണിൽ പഠിക്കുന്നു. ബ്ലീഡിംഗിനാൽ ഭാരപ്പെടുന്നു. അതിനായി പ്രാർത്ഥിക്കുക.
5. ഏപ്രിൽ 20, 21, 22 പടമലയിൽ വി.ബി.എസ് നടക്കുന്നു 16 കുഞ്ഞുങ്ങൾ പങ്കെടുക്കുന്നു. പ്രാർത്ഥിക്കുക.
6. ഏപ്രിൽ 22,23,24 യൂത്ത് മീറ്റിംഗ് തൃശ്ശിലേരി 24 കുഞ്ഞുങ്ങൾ പങ്കെടുക്കുന്നു. അതിനായി പ്രാർത്ഥിക്കുക.
7. വീരാച്ചിപേട്ട (ഞായർ) നെല്ലൂർ (തിങ്കൾ) നടക്കുന്നു പ്രയറിനായി പ്രാർത്ഥിക്കുക.

*മഹേഷ് ആർ*

## നക്കുപ്പതി

കർത്താവിന്റെ കൃപയാൽ ഞങ്ങൾ കുടുംബമായി നക്കുപതി സെന്ററിനോട് അനുബന്ധിച്ച് കർത്താവിന്റെ വേല ചെയ്തുവരുന്നു. നക്കുപതി സെന്റർ എന്നത് ട്രൈബൽ മിഷന്റെ പഴയ സെന്റർ ആണ്. കാരണം അട്ടപ്പാടിയിൽ ആദ്യമായി വിശ്വാസികൾ അഥവ ആദിവാസികൾ കർത്താവിനെ സ്വീകരിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്തു വന്നു. ഈ സെന്ററിൽ ഉള്ള വിശ്വാസികൾ പകുതിയോളം കർത്താവിന്റെ വേലയിൽ ആണ്. ഞാനും എന്റെ  ഭാര്യ ഇങ്ങനെ പലരും  നക്കുപ്പതി സെന്ററിലെ വിശ്വാസികൾ ആണ്. എന്നാൽ ഇന്നത്തെ സ്ഥിതി വളരെ മോശമാണ്. കാരണം ആദ്യ കാലഘട്ടത്തിൽ അടുത്തു എവിടേയും ചർച്ചുകൾ ഇല്ലായിരുന്നു. ഇപ്പോൾ എല്ലാഇടത്തും കർത്താവിന്റെ വേലക്കാരും ചർച്ചുകളും ഉണ്ട്. അതുകൊണ്ടാണ് നക്കുപ്പതി ചർച്ചിൽ ജനത്തിന് വരാൻ സൗകര്യം കുറവാണ്. എങ്കിലും ഇപ്പോഴും കുറച്ച് ദൈവജനം ഉണ്ട് ഇവരിൽ ചിലർ കർത്താവിന്റെ വേല ചെയ്യുന്നു. ബഹുമാനപ്പെട്ട ഡോ. മുരളീധർ സാറും, കെ. കെ. കോശിസാറും, ആന്റിയും അട്ടപ്പാടിയിൽ ക്രിസ്തുവിനായിപ്പെട്ട ത്യാഗം വളരെ വലുതാണ്. അട്ടപ്പാടിയിൽ 198 ഊരുകളിലും കർത്താവിന്റെ വേല ചെയ്തുവരുന്നു. കർത്താവിന്റെ കൃപയാൽ ദൈവം എന്റെ കൂടെ ഒരു ടീമിനെ തന്നിട്ടുണ്ട്.  ഈ ടീം വളരെ ശക്തമായി കർത്താവിന്റെ സാക്ഷ്യം വഹിക്കുന്നു. ആരാധനകളും, ഉപവാസ പ്രാർത്ഥനകളും ഊര് സന്ദർശനങ്ങളും വ്യക്തികൾക്കുള്ള പ്രാർത്ഥനയും നടത്തിവരുന്നു. നക്കുപ്പതി ചർച്ചിൽ പുതിയ പുതിയ വിശ്വാസികൾ വരുവാൻ വേണ്ടിയും ഞങ്ങളെ കുടുംബമായും ടീം അംഗങ്ങളെയും ഓർത്ത് പ്രാർത്ഥിക്കുക. കർത്താവിന്റെ കൃപയാൽ കർത്താവിനെ സേവിക്കുന്ന ഒരു അച്ചായൻ ടീമിന്റെ പ്രവർത്തനത്തിന് വേണ്ടി ഒരു സെക്കന്റ് ഹാന്റ് ടൂവീൽ, സ്കൂട്ടി വണ്ടി തന്നു. ആ സ്കൂട്ടി നമ്മുടെ മിഷനറിയായ ശിവശങ്കരൻ ചിണ്ടാക്കിയിൽ വർക്കിന് കൊണ്ടുപോകുന്നു. ടീമിന്റെ പ്രവർത്തനത്തവുമായി ബഹുമാനപ്പെട്ട ഡോ. മുരളീധർ സാർ പ്രാർത്ഥിച്ചു താക്കോൽ പി എം ശിവശങ്കരിന് കൈമാറി. സ്കൂട്ടി സ്പോൺസർ ചെയ്ത എബി വർഗീസ് എന്ന അച്ചായനേയും കുടുംബത്തേയും ഓർത്തു പ്രാർത്ഥിക്കുക.

*പാസ്റ്റർ നഞ്ചൻ*

## വിളമ്പുകണ്ടം

ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ വിളമ്പുകണ്ടം ദൈവസഭയിൽ ആത്മീക പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നു.

കഴിഞ്ഞ ദിവസങ്ങളിൽ വാഴക്കണ്ടി എന്ന ഉന്നതിയിലേക്ക് കടന്നുപോയി അനേകരോട് ക്യാമ്പിനെക്കുറിച്ച് പറഞ്ഞു. ഒപ്പം സുവിശേഷവും പങ്കുവച്ചു. അതു മുഖാന്തിരം ഒന്ന് രണ്ട് കുടുംബക്കാർ ഈ മാസം 22-ാം തീയതി നടക്കുന്ന ഡി അഡിക്ഷൻ ക്യാമ്പിലേക്ക് കടന്നുവരാം എന്ന് പറഞ്ഞിട്ടുണ്ട്. കടന്നുവരാം എന്ന് പറഞ്ഞ പ്രിയപ്പെട്ടവരെ ഓർത്ത് പ്രാർത്ഥന ചോദിക്കുന്നു.

വിശ്വാസികൾ പലരും ശാരീരിക പ്രയാസത്താൽ ഭാരപ്പെ

ടുന്നു. സഭയിലെ രോഗികളായി ഭാരപ്പെടുന്ന വിശ്വാസികളെ ഓർത്ത് പ്രാർത്ഥന ചോദിക്കുന്നു.

ഈ ദേശത്ത് എത്രയും പെട്ടെന്ന് ആലയത്തിന്റെ പണി തുടങ്ങാൻ പ്രാർത്ഥന ചോദിക്കുന്നു.

*പാസ്റ്റർ ഗിരീഷ് വി.*

## വടക്കനാട്

ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ വടക്കനാട് പ്രവർത്തനം അനുഗ്രഹമായി നടക്കുന്നു. ഉപവാസ പ്രാർത്ഥന നടക്കുന്നു. ഭവന പ്രാർത്ഥന നടത്തുന്നു. യേശു കർത്താവിനെ പരിചയപ്പെടുത്തി കൊടുക്കുന്നു സുവിശേഷം അറിയിക്കുന്നു. മണ്ടകുണ്ട് നഗറിൽ നിന്നും രണ്ട് സഹോദരിമാർ പുതിയതായി സഭയിൽ കടന്നുവന്നു. 22/03/26 ൽ അനിത, അമ്മു കടന്നുവന്നു. ഇവരുടെ എല്ലാവരുടേയും നിലനിൽപ്പിന് വേണ്ടി പ്രാർത്ഥിക്കണം. വെള്ളിയാഴ്ച പ്രാർത്ഥന നടക്കുന്നു.

*പാസ്റ്റർ രാഘവൻ കെ.*

## ഭൂതാനം

ദൈവകൃപയാൽ ഭൂതാനം ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടന്നുവരുന്നു. സഭയുടെ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുകയും കൈതാങ്ങൾ നൽകുകയും ചെയ്ത പ്രിയപ്പെട്ടവരോടുള്ള നന്ദി അറിയിക്കുന്നു.

ഞായറാഴ്ചതോറുമുള്ള ആരാധനയും സൺഡേ സ്കൂളും അനുഗ്രഹമായി നടക്കുന്നു ഐസിപിഎഫിന്റെ നേതൃത്വത്തിൽ നടന്ന വിബിഎസ്സിൽ സഭയിൽനിന്നും കുഞ്ഞുങ്ങൾ കടന്നുപോയി NLCI യുടെ സ്റ്റോറിയിംഗ് പ്രോഗ്രാമിൽ ചർച്ചിൽ നിന്നും വിജിത കടന്നുപോകുന്നു കുടുംബമായി അവർ ആ പ്രോഗ്രാമിൽ ഭാഗമാകുന്നു. അമ്മു, മനു എന്നിവർ ചുള്ളിയോട് കടന്നുപോകുകയും അവിടത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. ചർച്ചിൽ നിന്നും ശിവനന്ദ് എന്ന കുഞ്ഞിന്റെ വിവാഹം നടക്കുന്നു. അതിനായി പ്രാർത്ഥിക്കണം.

പ്രാർത്ഥന വിഷയം

1. സഭാ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.
2. ചർച്ചിലെ യൗവ്വനക്കാർക്കായി പ്രാർത്ഥിക്കുക.

*പാസ്റ്റർ*

## തലപ്പുഴ

തലപ്പുഴ ചർച്ചിന്റെ നേതൃത്വത്തിൽ പുതിയൊരു കോളനി സന്ദർശിക്കുവാനിടയായി വിൻസെന്റ് ഗിരി- പട്ടവയൽ ഉന്നതിയിലാണ് പുതിയ പ്രവർത്തനം ആരംഭിച്ചത് അവിടെ നിന്നും മണി സഹോദരൻ- അപ്പു ഭാര്യ ചിന്നു എന്നിവർ ക്യാമ്പിൽ പങ്കെടുക്കുകയും കർത്താവിനെ അറിയുവാനിയായ് തുടർന്നുള്ള ദിവസങ്ങളിൽ തലപ്പുഴയിൽ ആരാധനയ്ക്കു പങ്കെടുത്തുവരുന്നു.

ദൈവകൃപയാൽ തലപ്പുഴ ചർച്ചിന്റെ പണി പൂർത്തിയാവുകയും ആലയത്തിന്റെ ഉദ്ഘാടനം മാർച്ച് 28 ന് തോമസ് ഡേവിഡ്സാറിന്റേയും ഡോ. മുരളീധർ സാറിന്റേയും മറ്റ് ദൈവദാസൻമാരുടെ സാന്നിധ്യത്തിൽ ദൈവീക അനുഗ്രഹത്താൽ ഉദ്ഘാടനം നടത്തപ്പെട്ടു. 300 പേർ ഉദ്ഘാടനത്തിൽ പങ്കെടുത്തു.

അടുത്ത് ക്യാമ്പിലേക്ക് മാവിലൻ ഉന്നതിയിൽ നിന്നും അനവധി ആളുകൾ കടന്നുവരാമെന്ന് പറഞ്ഞിട്ടുണ്ട്. ആ വിഷയത്തെ ഓർത്ത് പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

കൂടാതെ ബൈബിൾ പഠനവുമായി മോനച്ചൻ കുഞ്ഞ് ഉന്നതിയിൽ നിന്നും 5 സഹോദരിമാർ കടന്നുപോയിരിക്കുന്നു. ഷീബ, അജിത, അന്ന, അമൃത സിമി എന്നിവരെ ഓർത്തു പ്രാർത്ഥന ചോദിക്കുന്നു.

*പാസ്റ്റർ*

## പേരിയ

പേരിയ ദൈവസഭയുടെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ അനുഗ്രമായി പോകുന്നു.

ഞായർ ആരാധന : എല്ലാ ഞായറാഴ്ചകളിലും 10 മുതൽ 12.30 വരെ ആരാധന നടന്നുവരുന്നു. 30 ന് അടുത്ത് ആളുകൾ പ്രാർത്ഥനക്ക് കടന്നുവരുന്നു. പാട്ട്, പ്രാർത്ഥന, സാക്ഷ്യങ്ങൾ ദൈവവചനം നടക്കുന്നു. കുഞ്ഞുങ്ങൾ പാട്ട് പാടി വാക്യങ്ങൾ പറയുകയും ചെയ്യുന്നു.

സാക്ഷ്യം : എല്ലാവരും സാക്ഷ്യങ്ങൾ പറയുവാൻ തുടങ്ങി. അവരിൽ മാറ്റങ്ങൾ വന്നു തുടങ്ങിയത് കാണുവാൻ കഴിയുന്നുണ്ട്.

ഭവനപ്രാർത്ഥന : എല്ലാ ബുധനാഴ്ചകളിലും 7 മുതൽ 8 വരെ പ്രാർത്ഥന നടക്കുന്നു. അവർ സ്വയമായി പ്രാർത്ഥിച്ചു തുടങ്ങി അതിൽ മാറ്റങ്ങൾ വരുന്നുണ്ട് പ്രാർത്ഥന ജീവിതത്തിൽ മാറ്റങ്ങൾ കാണുവാൻ സാധിക്കുന്നുണ്ട്.

പ്രാർത്ഥനയുടെ പ്രാധാന്യത്തെ പറഞ്ഞു ബോധ്യപ്പെടുത്തി കൊടുക്കുകയും അവരെ പ്രോത്സാഹിപ്പിക്കുയും ചെയ്യുന്നു.

ബൈബിൾ വായന : എല്ലാ ദിവസവും ബൈബിൾ വായിക്കുവാൻ എല്ലാവരും തുടങ്ങി അതിന്റെ പ്രാധാന്യം പറഞ്ഞുകൊടുക്കുയും അതിൽ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു വന്നുകൊണ്ടിരിക്കുന്നു.

കോളനി സന്ദർശനം : കോളനി സന്ദർശിക്കുകയും അവർക്കുവേണ്ട ആത്മീയമായ കൈതാങ്ങലുകളും കൊടുക്കുന്നു. അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തേണ്ട കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. ആത്മീയമായി മുന്നേറേണ്ടതിന്റെ പ്രാധാന്യം പറഞ്ഞുകൊടുക്കുന്നു.

ആലയത്തിന്റെ പണി : ആലയത്തിന്റെ പണികൾ നടക്കുവാൻ ദൈവം സഹായിച്ചു. അത് നന്നായി നടന്നുകൊണ്ടിരിക്കുന്നു. ബിജുമോൻ സാറിന്റെ നേതൃത്വത്തിലാണ് പണി കാര്യങ്ങൾ നടക്കുന്നത്. ദൈസഭയിലെ ദൈവമക്കൾ എല്ലാവരും ആലയത്തിന്റെ പണികാര്യങ്ങളിൽ സഹകരിക്കുന്നുണ്ട്. തുടർന്ന് അവിടത്തെ വേലയുടെ വിശാലതയ്ക്കായും ആലയത്തിന്റെ പണി കാര്യങ്ങളെ ഓർത്തും പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

*പ്രെയ്സ് ഫിലിപ്പ്*

## ചേകാടി

തിരുനെല്ലിയിലേയും ചേകാടിയിലേയും ആരാധന വളരെ ഭംഗിയായി നടന്നുവരുന്നു. തിരുനെല്ലിയിൽ രാവിലെ 9 മണി മുതൽ 12 മണിവരെയും ചേകാടിയിൽ രാവിലെ 10 മണി മതുൽ 1 മണി വരെയും ആരാധന നടന്നുവരുന്നു. തിരുനെല്ലിയിൽ 21 വിശ്വാസികൾ കടുന്നുവരുന്നുണ്ട് അതിൽ 6 കുട്ടികളും ഉൾപ്പെടുന്നു. ചേകാടിയിൽ മൊത്ത ത്തിൽ 54 പേർ വരുന്നുണ്ട് അതിൽ 15 കുട്ടികളും ഉൾപ്പെ ടുന്നു.

1. നമ്മുടെ ചേകാടി സഭയിൽ കട ന്നുവരുന്ന മായമ്മ ഏപ്രിൽ മാസം 11-ാം തീയതി വൈകുന്നേരം 4 മണി ആയ പ്പോൾ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ക്യാൻസറി നാലും മഞ്ഞപ്പിത്തത്താലും ഭാരപ്പെട്ടിരിക്കുന്നു.
2. ചേകാടിയിൽ സഭയിലെ അനീഷും ശിവപ്രകാശും ഏപ്രിൽ മാസം 18-ാം തീയതി വിവാഹിതരായി. അനീഷ് തൃശ്ശിലേരി സഭയിലെ രാധികയുമായും ശിവപ്രകാശ് കാട്ടിക്കുളം സഭയിലെ പ്രവിതയുമായുമാണ് വിവാഹി തരായത് ഇവരെ ഓർത്ത് പ്രാർത്ഥിക്കുന്നു.
3. ചേകാടി ദൈവസഭയേയും തിരുനെല്ലി ദൈവസഭ യേയും അവിടങ്ങളിലെ പ്രവർത്തനങ്ങളേയും ദൈവദാ സന്മാരേയും കുടുംബത്തേയും ഓർത്ത് പ്രാർത്ഥിക്കണ മെന്ന് ദൈവനാമത്തിൽ ഓർമ്മിപ്പിക്കുന്നു.

*പാസ്റ്റർ മോനച്ചൻ*

## കാട്ടിക്കുളം

ഈ ഒരു മാസം ദൈവകൃപയാൽ കാട്ടിക്കുളം ദൈവസ ഭയിലെ സഭാപ്രവർത്തനങ്ങളും ഉന്നതിയിലെ പ്രവർത്ത നുങ്ങളും ഭവന കൂട്ടായ്മയും ദൈവ കൃപയാൽ അനു ഗ്രഹമായി നടപ്പാൻ ദൈവം സഹായിച്ചു. പ്രാർത്ഥിച്ച എല്ലാ ദൈവദാസന്മാർക്കും ദൈവനാമത്തിൽ നന്ദി പറ യുകയാണ്.

പ്രാർത്ഥന വിഷയം

വിശ്വാസികളുടെ നിലനിൽപ്പിനായ് പ്രാർത്ഥിക്കുക

രക്ഷ ക്യാമ്പിന് കടന്നുവരുവാൻ പറഞ്ഞ റീന കുടുംബം, മോഹനൻ കുടുബം എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. കാല വേദനയാൽ ഭാരപ്പെടുന്ന ഗൗരി അമ്മച്ചിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. സ്വർണ്ണ എന്ന സഹോദരിക്ക് മാനസീക മായ പ്രയാസം മൂലം ഭാര പ്പെടുന്ന ഈ സഹോദരിക്ക് പൂർണ്ണമായ സൗഖ്യം ലഭി ക്കുവാൻ പ്രാർത്ഥിക്കണം

*പാസ്റ്റർ പ്രസാദ് സി എം*

## വയനാട്

ദൈവത്തിന് സ്തോത്രം കഴിഞ്ഞ മാസത്തെ പ്രവർത്തന ങ്ങൾ കർത്താവിന്റെ കൃപയാൽ വളരെ അനുഗ്രഹമായി നടന്നു വയനാട്ടിലുള്ള എല്ലാ മിഷൻ സെന്ററുകളിലും പ്രവർത്തനങ്ങൾ നന്നായി നടന്നുവരുന്നു. തലപ്പുഴ ചർച്ചിന്റെ സമർപ്പണ ശുശ്രൂഷ വളരെ അനുഗ്രമായി നടന്നു ഡോ. മുരളീധർ സാർ, പൗലോസ് സാർ, ഡോ. തോമസ് ഡേവിഡ് സാർ തുടങ്ങിയ ട്രൈബൽ മിഷന്റെ നേതൃത്വത്തിലുള്ള ദൈവദാസന്മാർ സംബന്ധിച്ചു ആന ക്കട്ടിയിൽ നിന്നും കെ കെ കോശി സാറും കുടുംബവും സംബന്ധിച്ചു. തോട്ടാമൂല ചർച്ചിന്റെ പണി നടന്നുവരുന്നു വയനാട്ടിലെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കു കയും സഹായിക്കുകയും ചെയ്യുന്ന എല്ലാ ദൈവമക്ക ളെയും ഓർത്ത് പ്രാർത്ഥിക്കുയും നന്ദി അറിയിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ച് തലപ്പുഴ ചർച്ചിന്റെ പണിക്ക് ആവ ശ്യമായ മുഴുവൻ തുകയും തന്ന് നമ്മെ സഹായിച്ച ഡോ. തോമസ് ഡേവിഡ് സാറിനോടും കുടുംബത്തോടും ഉള്ള നന്ദി അറിയിക്കുന്നു. ഈ മാസം 18-ാം തീയതി ശനി യാഴ്ച അഞ്ച് പേരുടെ വിവാഹം താബോറിൽ വച്ച് നട ത്തുവാൻ ആഗ്രഹിക്കുന്നു. വയനാട്ടിലെ പ്രവർത്തന ങ്ങളെ ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അപേക്ഷി ക്കുന്നു.

*പാസ്റ്റർ വി സി ജേക്കബ്*

## കമ്മന

ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ ദൈവകൃപയാൽ കമ്മന ചർച്ചിലെ കൂട്ടായ്മയും ആരാധനയും പ്രവർത്ത നങ്ങളും എല്ലാം അനുഗ്രഹമായി പോകുന്നു. കുടുംബ പ്രാർത്ഥനയും നടക്കുന്നുണ്ട്. ഈ മാസത്തെ ഡി അഡി ക്ഷൻ ക്യാമ്പിലേക്ക് രണ്ട് കുടുംബം വരാൻ താത്പര്യ പ്പെടുന്നു. ഈ കുടുംബത്തെയോർത്ത് പ്രാർത്ഥിക്കുക. പ്രത്യേകിച്ച് ചർച്ചിൽ വരുന്ന അമ്മിണി സഹോദരിക്കു വേണ്ടി പ്രാർത്ഥിക്കണം (ഗർഭപാത്രത്തിൽ മുഴ) 26.04.2026 ഞായർ ആശുപത്രിയിൽ അഡ്മിറ്റ് ആകാൻ പറഞ്ഞിട്ടുണ്ട് 08.04.26 ന് സർജ്ജറിയാണ് ( ചുമ കുറയാനായി) ചർച്ചിന്റെ അറ്റകുറ്റ പണികൾ ഉണ്ട് സാമ്പത്തീകം ദൈവം ഒരുക്കു വാൻ പ്രാർത്ഥിക്കുക.

*പാസ്റ്റർ രമേശൻ വി വി.*

## കരുളായി

ദൈവകൃപയാൽ കരുളായി ചർച്ചിലെ വിശ്വാസ കുടും ബങ്ങൾ സുഖമായിരിക്കുന്നു. ഏകദേശം 25 പേർ ഇപ്പോൾ സ്ഥിരമായി കടന്നുവരുന്നു. സണ്ടേ സ്കൂൾ, യൂത്ത് മീറ്റിംഗ് സഹോദരിമാരുടെ പ്രാർത്ഥന, ചെയിൻ പ്രയർ, എല്ലാം പതിവുപോലെ നടന്നുവരുന്നു. ഏപ്രിൽ 1-ാം തീയതി ബുധനാഴ്ച കരുളായി സഭയും കൽക്കു ളം സഭയും ചേർന്ന് കൽക്കുളത്തു വച്ചു കുട്ടികൾക്കായി ഒരു പ്രോഗ്രാം നടത്തുവാൻ കർത്താവ് സഹായിച്ചു. ഏപ്രിൽ 3,4,5 തീയതികളിൽ ഉപവാസ പ്രാർത്ഥനയായി കൂടി വരുവാൻ ദൈവം സഹായിച്ചു. ഏപ്രിൽ 6 മുതൽ 10 വരെ തീയതികളിൽ കുട്ടികൾക്ക് ഐപിസി പാലാങ്കര ചർച്ചിൽ വച്ച് നടന്ന വിബി എസിൽ പങ്കെടുക്കുവാൻ സാധിച്ചു. തുടർന്ന് ഞങ്ങളുടെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

*പാസ്റ്റർ പ്രവീൺ*

## സംഭാവന അയക്കുന്നവരുടെ ശ്രദ്ധക്ക്

ട്രൈബൽ മിഷന്റെ വേലയ്ക്കായി ധനസഹായം ചെയ്യുന്നവർ അത് മണിയോർഡർ ആയോ ഡ്രാഫ്റ്റ് ആയോ ചെക്ക് ആയോ ട്രൈബൽ മിഷന്റെ ഓഫീസിലേക്ക് അയക്കാവുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ബാങ്കിലേക്ക് നേരിട്ടും പണം അയക്കാവുന്നതാണ്

### A/c Name - Tribal Mission

1. **STATE BANK OF INDIA, PERUMBAVOOR TOWN BRANCH SB A/C NO: 57041605654, IFSC CODE : SBIN0070154**
2. **AXIS BANK LIMITED, PERUMBAVOOR SB A/C NO : 910010028193291, IFSC CODE : UTIB0000803**
3. **CSB BANK LTD , PERUMBAVOOR SB A/C NO : 015600705880190001, IFSC : CSBK0000156**
4. **DR. K. MURALIDAR, CSB BANK LTD, PERUMBAVOOR SB A/C NO :015600706354190001, IFSC CODE : CSBK0000156**
5. **താഴെ കൊടുത്തിരിക്കുന്ന QR CODE സ്കാൻചെയ്ത് G-PAY വഴിയും നിങ്ങളുടെ ഗിഫ്റ്റ് അയക്കാവുന്നതാണ്.**

**PLEASE NOTE : Since FCRA Permission has been withdrawn by the Govt. of India, Please do not send Foreign Currency to any of these accounts**

**സംഭാവന അയക്കുന്നവരുടെ ശ്രദ്ധക്ക്**

ശരിയായ അക്കൗണ്ടിംഗ് ആവശ്യത്തിനായ പണമടയ്ക്കലിന്റെ വിശദാംശങ്ങൾ (അഡ്രസ് സഹിതം) ഇ-മെയിൽ, ടെലിഫോൺ അല്ലെങ്കിൽ കത്ത് വഴി ഞങ്ങളെ അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

**ഞങ്ങളുടെ ഓഫീസ് അഡ്രസ്സ്**

TRIBAL MISSION
Iringole P.O., Perumbavoor - 683548, Ernakulam Dist,
Kerala, India
Mob : + 91-484 2593 866, Mob : +91 - 9048013866

ആദിവാസി മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു മിഷനറി കുടുംബത്തെ സ്പോൺസർ ചെയ്യുവാൻ നിങ്ങൾക്ക് മനസുണ്ടോ? വിശദവിവരങ്ങൾക്ക് വിളിക്കുക
ഫിനാൻസ് സെക്രട്ടറി : +91 9446869246/9048013866




## മിഷനറി റിട്രീറ്റ് അട്ടപ്പാടി




കണ്ണുനീരോടെ വിതയ്ക്കുന്നവൻ ആർപ്പോടെ കൊയ്യും

# നിത്യതയിൽ



പാസ്റ്റർ ഡി. ജോൺ വില്ല്യംസ് (75)
ബെഥേൽ, അല്ലപ്ര

കോലഞ്ചേരി: ട്രൈബൽ മിഷനിൽ ആദ്യ മിഷനറി ആയിരുന്ന പാസ്റ്റർ ഡി. ജോൺ വില്യംസ് (75) നിത്യതയിൽ പ്രവേശിച്ചു. 10.04.2026 രാവിലെ 11.00 മണിക്ക് സ്വഭവനത്തിൽ ഉള്ള ശുശ്രൂഷകൾക്കു ശേഷമായി 4 മണിക്ക് സംസ്കാര ശുശ്രൂഷ പുത്തൻ കുരിശിലുള്ള സഭാ സെമിത്തേരിയിൽ നടന്നു. ഭാര്യ അന്നമ്മ വില്യംസ്, മക്കൾ റീച്ചർ വില്യംസ്, റീന വില്യംസ് മരുമക്കൾ ബിജിലി റീച്ചർ, സാജു കെ വർഗീസ് ചെമ്മനാട് എന്നിവരാണ്. ശ്രീ ജോൺ വില്യംസിന്റെ ട്രൈബൽ മിഷനിലെ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ട്രൈബൽ മിഷൻ ജനറൽ സെക്രട്ടറി ഡോ. കെ മുരളീധർ മിഷൻ ഭാരവാഹികൾ ഓഫീസ് സ്റ്റാഫ്, മിഷനറിമാർ എന്നിവരും ഈ ശുശ്രൂഷയിൽ സംബന്ധിച്ചു. മിഷന്റെ അനുശോചനവും പ്രത്യാശയും അറിയിക്കുന്നു.



Kombannad bible college students and Vattalakky church members on 26/4/2026 after Sunday service



ചിന്നപ്പാറക്കുടിയിൽ വെക്കിട്ട് നടന്ന വീട്ടിലെ കൂട്ടായ്മ



കൊടകൽ നടന്ന വിബിഎസ്



മിഷനറി റിട്രീറ്റ് 2026 വട്ടലക്കി





ട്രൈബൽ മിഷൻ താളുംകണ്ടം സഭയോടുള്ള ബന്ധത്തിൽ നടന്ന മെഡിക്കൽ ക്യാമ്പിൽ ഡോ. സാം സഹായദാസും ടീമിനോടൊപ്പം വിശ്വാസികൾ



ട്രൈബൽ മിഷൻ വാർഷിക കൺവെൻഷനോടുള്ള ബന്ധത്തിൽ ട്രൈബൽ മിഷൻ കുടുംബാംഗങ്ങളും സി.എസ്.ഐ ക്രൈസ്റ്റ് ചർച്ച് അംഗങ്ങളും

Printed, Published & Owned by Pr. T. Jayadas, Tribal News, Mob: 9747442935, Iringole P.O., Perumbavoor, Ernakulam Dist.-683548
e-mail : tribal_news@hotmail.com   Design & Printing : Paul Graphics, Kuruppampady, Mob.: 9495220175